# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നംമ്പർ : 822/11/12/2023/ TVM**

പരാതികക്ഷി : അന്നമ്മ ഈപ്പൻ,ടി.സി.11/30
പി.എം.ജി ജംഗ്ഷൻ,പട്ടം,തിരുവനന്തപുരം

എതിർകക്ഷികൾ :

**ഉത്തരവ് തീയതി 10.02.2024**

പരാതികക്ഷിയുടെ വീട്ടിലെ ഡ്രൈനേജ് ലൈൻ അയൽവാസികളായ ഫിലി, ജോർജ്ജ് എന്നിവർ നശിപ്പിച്ചുവെന്നും മറ്റുമാണ് പരാതി സംഗതി.

തിരുവനന്തപുരം നഗരസഭാ സെക്രട്ടറി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷിയുടെ പുരയിടത്തിലെ ഡ്രൈനേജ് കണക്ഷൻ പെന്തകോസ്ത് സഭയുടെ കൈവശത്തിലുള്ള പുരയിടത്തിൽകൂടി കടന്നു പോകുന്നതായും, മറ്റൊരു വസ്തുവിൽ കൂടി ഡ്രൈനേജ് ലൈൻ വലിക്കുന്നതിന് ടി വസ്തു ഉടമയുടെ സമ്മതം ആവശ്യമായതിനാൽ ടി ഉടമയുടെ സമ്മത പത്രം വാങ്ങി നിയമാസുസൃത ഡ്രൈനേജ് കണക്ഷന് അപേക്ഷ നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും, ടി വിഷയത്തിൽ നഗരസഭയ്ക്ക് യാതൊന്നും ചെയ്യാനില്ലെന്നും റിപ്പോർട്ടിൽ കാണുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിച്ചു. മറ്റൊരാളുടെ വസ്തുവിൽ കൂടി ഡ്രൈനേജ് ലൈൻ വലിക്കുന്നതിനുള്ള അനുവാദം നൽകാൻ ഈ കമ്മീഷന് കഴിയുകയില്ല. ആയതിനാൽ നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഈ പരാതിയിന്മേലുള്ള തുടർനടപടികൾ കമ്മിഷൻ അവസാനിപ്പിക്കുന്നു.

ഒപ്പ്
കെ.ബൈജുനാഥ്
ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ